LIBRARY ARCHIVES Kerala Legislative Assembly

## പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

135 (6174) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എപ്രകാരമാണ് നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമാക്കുന്ന എന്തെങ്കിലും നിയമം/സർക്കുലർ പ്രാബല്യത്തിലുണ്ടോ; വിശദമാക്കുമോ;

(സി) പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ പ്രവർത്തന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് വാഹനങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുക, വാഹനങ്ങൾ മെച്ചപ്പെട്ട രീതിയിൽ സൂക്ഷിക്കുക, അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി ചെയ്തുതീർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, റണ്ണിങ് മെയിന്റനൻസ്, വീക്ക്‌ലി മെയിന്റനൻസ്, മാസം തോറുമുള്ള മെയിന്റനൻസ്, ലൂബ്രിക്കേഷൻ വർക്കുകൾ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുക, പുതിയ വാഹനങ്ങളും വാഹന ഘടകങ്ങളും വാങ്ങുന്നതിനായി സാങ്കേതിക ഉപദേശം നൽകുക, മോട്ടോർ വാഹന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുക, വകുപ്പിലെ വാഹനങ്ങളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് ഉപദേശങ്ങൾ നൽകുക എന്നിവയാണ് പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിന്റെ ചുമതലകൾ.

(ബി) പ്രവർത്തന മാർഗ്ഗരേഖകൾ കേരള പോലീസ് മാനുവൽ-III Chapter-VII-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## വാഹനാപകടങ്ങൾ തടയുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം

136 (6175) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?